File No.SJD/1575/2020-C4

150 YEARS OF CELEBRATING THE MAHATMA

Break the chain

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബ ജോർജ്ജ് ഐ എ എസ് )

ഉത്തരവ് നം.

തിരുവനന്തപുരം,
തീയതി. 28/07/2020

വിഷയം: സാമൂഹ്യനീതി വകുപ്പ്-ട്രാൻസ്ജെൻഡർ ക്ഷേമം- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഹോർമോൺ മരുന്നുകൾ ലഭ്യമാക്കൽ- ജില്ലാ സാമൂഹ്യനീതി ഓഫിസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം : സ.ഉ.സാധാ നം 294/2020/സാനീവ,തീയതി-29.06.2020.

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജെന്ടെർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്ക്കരിച്ച നടിപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ സാമൂഹിക സുരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ലിംഗമാറ്റ ശസ്ത്രക്രിയയുടെ ഭാഗമായി നിരവധി ട്രാൻസ്ജെൻഡർ വ്യക്തികൾ ഹോർമോൺ ചികിത്സ തുടർന്നു വരുന്നതായി കാണുന്നു . നിലവിൽ ഇത്തരം വ്യക്തികൾക്ക് ചികിത്സാ മാർഗങ്ങൾ തുടരുന്നതിനോ ഹോർമോൺ മരുന്നുകൾ വാങ്ങുന്നതിനോ സാധിയ്ക്കാത്ത അവസ്ഥ നിലനിൽക്കുന്നതുമൂലം ഗുരുതര ശാരീരിക - മാനസിക പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടിരുന്നു. ഈ സാഹചര്യത്തിൽ ഹോർമോൺ ചികിത്സ തുടരാൻ കഴിയാത്ത 96 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 15 ദിവസത്തേയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനുള്ള അനുമതിയും ആയതിന് ആവശ്യമായ 35000/- രൂപയും അനുവദിച്ച് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് ലിംഗ മാറ്റ ശസ്ത്രക്രിയക്ക് വിധേയരായവരും അല്ലാതുള്ളവരുമായ ഹോർമോൺ ചികിത്സ തുടരാൻ സാധിയ്ക്കാത്ത 96 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 15 ദിവസത്തേയ്ക്ക് ഹോർമോൺ മരുന്നുൾ അതാത് ജില്ലാ ജസ്റ്റിസ് കമ്മിറ്റി അംഗങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫിസർമാരെ ചുമതലപ്പെടുത്തിയും, ആയതിലേയ്ക്കാവശ്യമായ 35000/- രൂപ (മുപ്പത്തി അയ്യായിരം രൂപ മാത്രം) ചുവടെ പറയും പ്രകാരം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫിസർമാരുടെ പേർക്ക് അനുവദിച്ചും ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (രൂപയിൽ |
|---|---|---|---|
| 1 | തിരുവനന്തപുരം | 19 | 7325/- |
| 2 | കൊല്ലം | 5 | 1750/- |
| 3 | തൃശ്ശൂർ | 12 | 4200/- |
| 4 | ആലപ്പുഴ | 6 | 2100/- |
| 5 | എറണാകുളം | 41 | 15025/- |
| 6 | പത്തനംതിട്ട | 2 | 700/- |
| 7 | ഇടുക്കി | 1 | 400/- |
| 8 | കോഴിക്കോട് | 4 | 1400/- |

| | | | |
|---|---|---|---|
| 9 | കോട്ടയം | 3 | 1050/- |
| 10 | കണ്ണൂർ | 3 | 1050/- |
| **ആകെ** | | **96** | **35000/-** |

ഓരോ ജില്ലയിലും നിലവിലെ ലിസ്റ്റ് പ്രകാരം ഹോർമോൺ മരുന്നുകൾ ലഭ്യമാക്കേണ്ട ഗുണഭോക്താക്കൾക്ക് അവർ സമർപ്പിക്കുന്ന ബില്ലുകൾ പ്രകാരമുള്ള തുക റീ ഇമ്പേഴ്സ് ചെയ്തു നൽകാവുന്നതാണ്. ടി പദ്ധതിക്ക് ആവശ്യമായ ചെലവ് നടപ്പ സാമ്പത്തിക വർഷത്തെ 2235-60-200-64 പി ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

<u>എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫിസർമാർക്കും</u>

<u>പകർപ്പ് :</u>

1. സൂപ്രണ്ട് എ/പ്ലാനിംഗ് സെക്ഷൻ
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്